A

7001

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

# വാർഷിക മൂല്യനിർണയം 2015-2016

## കല, പ്രവൃത്തി, ആരോഗ്യ-കായിക വിദ്യാഭ്യാസം

സമയം: 2 മണിക്കൂർ

ക്ലാസ്സ് VII

---

**പൊതുനിർദ്ദേശങ്ങൾ :**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ്15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. **കലാപഠനവുമായി ബന്ധപ്പെട്ട് നാല് മേഖലകളിലായി ചോദ്യങ്ങൾ നൽകിയിട്ടുണ്ട്. നിങ്ങൾക്ക് താൽപര്യമുള്ള ഒരു മേഖല തെരഞ്ഞെടുത്ത് അതിൽ ഉൾപ്പെട്ട ചോദ്യങ്ങൾക്കുമാത്രം ഉത്തരങ്ങൾ എഴുതിയാൽ മതിയാകും.**
3 പ്രവൃത്തിപഠനം ,ആരോഗ്യ-കായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
4 മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു.അവക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ,ക്ലാസ് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളണം.

---

### വിഭാഗം- 1 കലാവിദ്യാഭ്യാസം

**(A) ചിത്രകല**

1. ടോം, ജെറി എന്നിവർ കാർട്ടൂൺ കഥാപാത്രങ്ങളാണ് !നിങ്ങൾക്ക് ഏറ്റവും ഇഷ്ടമായ 5 കാർട്ടൂൺ/ കോമിക് കഥാപാത്രങ്ങളുടെ പേരെഴുതുക.
2. ചിത്രകലയിൽ പ്രാഥമിക വർണ്ണങ്ങൾ ചുവപ്പ്, നീല, മഞ്ഞ എന്നിവയാണെന്ന് നിങ്ങൾക്കറിയാമല്ലോ ! ഇവയിൽ ചുവപ്പ്, നീല എന്നിവ സംയോജിപ്പിച്ച് നിർമ്മിക്കാവുന്ന ഒരു ദ്വിതീയ വർണ്ണമാണ് വയലറ്റ്.ബാക്കി വർണങ്ങൾ സംയോജിപ്പിച്ച് നിർമ്മിക്കാവുന്ന ദ്വിതീയ വർണങ്ങൾ ഏവ?
3. കിളിമാനൂർ കൊട്ടാരവും -ചിത്രകലയും ലഘുകുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B) സംഗീതം**

1. ഭാരതീയ സംഗീതത്തിൽ രണ്ട് സംഗീതശാഖകൾ നിലവിലുണ്ട്. അതിലൊന്നാണ് 'ഹിന്ദുസ്ഥാനി' സംഗീതം. അടുത്ത ഒരിനത്തിന്റെ പേരെന്താണ് ?
2. കേരളത്തിന്റെ സോപാനസംഗീതത്തെ(അഷ്ടപദി) കുറിച്ച് കുറിപ്പെഴുതുക ?
3. വഴിയോര ഗാനമേളകൾ കണ്ടിട്ടുണ്ടല്ലോ. 'കരോക്കേ'ട്രാക്കുകളുടെ പിന്തുണയോടെയാണ് ഇത് അവതരിപ്പിക്കുന്നത്. കുട്ടികളായ നിങ്ങൾക്ക് ഈ സംവിധാനം അവതരിപ്പിക്കാൻ അവസരം ലഭിച്ചാൽ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തേണ്ടത് ?

**അല്ലെങ്കിൽ**

(C) നൃത്തം

1. കേരള കലാമണ്ഡലം സ്ഥാപിച്ചത് മലയാളത്തിലെ പ്രശസ്തനായ ഒരു കവിയാണ്. ആരാണ് ഈ കവി ?

2. സംയുക്ത ഹസ്തങ്ങൾ എന്നാൽ എന്താണ് ? അഭിനയദർപ്പണ പ്രകാരം എത്ര സംയുക്ത ഹസ്തങ്ങളാണുള്ളത് ?

3. ഏതെങ്കിലും നാല് സംയുക്ത ഹസ്തങ്ങളുടെ പേരെഴുതുക ?

**അല്ലെങ്കിൽ**

(D) നാടകം

1. പെട്രോമാക്സ് വെളിച്ചമാണ് അരങ്ങിൽ. വേറെ ദീപവിതാനമില്ല. കഥാപാത്രങ്ങൾ അതിവൈകാരികതയോടെ ഒരു രംഗം ആവിഷ്കരിച്ചുകൊണ്ടിരിക്കെ, അണിയറ പ്രവർത്തകരിലൊരാൾ അവർക്കിടയിലൂടെ നടന്നു ചെന്ന് അരങ്ങിൽ തൂക്കിയിട്ട പെട്രോമാക്സ് താഴെയിറക്കി അതിൽ കാറ്റടിക്കുന്നതിൽ തരിമ്പും അസ്വാഭാവികത തോന്നിയിരുന്നില്ല കാണികൾക്ക്.

   ആധുനിക കാലത്ത് നാടകം അവതരിപ്പിക്കപ്പെടുമ്പോൾ രംഗത്ത് എന്തെല്ലാം ക്രമീകരണങ്ങളാണ് ഉണ്ടാവുക.

2. ഒരു ഭ്രാന്തനെ അവതരിപ്പിക്കുമ്പോൾ ശബ്ദം, ചലനം, അഭിനയം, വേഷം തുടങ്ങിയവയിൽ എന്തെല്ലാം ശ്രദ്ധിക്കണം.

## വിഭാഗം– 2 പ്രവൃത്തിപഠനം

1. അലങ്കാര തുന്നലിന് (എംബ്രോയിഡറി) ആവശ്യമായ സാധന സാമഗ്രികൾ ഏവ?

2. പഴങ്ങൾ(പപ്പായ,ഏത്തപ്പഴം,കൈതച്ചക്ക)ചേർത്ത് സലാഡ് നിർമാണ രീതി വിവരിക്കുക.

## വിഭാഗം– 3 ആരോഗ്യകായിക വിദ്യാഭ്യാസം

**ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക**

1. ഇന്ത്യയുടെ ദേശീയ ഗെയിം ഏതാണ്?
   എ. ഫുട്ബോൾ
   ബി. ഹോക്കി
   സി. ടെന്നീസ്
   ഡി. ബാസ്ക്കറ്റ്ബോൾ

2. ഇന്ത്യയുടെ പരമോന്നത ബഹുമതിയായ ഭാരതരത്നം നേടിയ ആദ്യ കായിക താരം ആരാണ്?
   എ. ധ്യാൻചന്ദ്
   ബി. അഞ്ജുബോബിജോർജ്ജ്
   സി. സച്ചിൻ ടെൻഡുൽക്കർ
   ഡി. കപിൽദേവ്

3. ഒരു നാടൻ കളിയുടെ പേരെഴുതി അത് കളിക്കുന്ന രീതി ചുവടെ നൽകിയിരിക്കുന്ന സൂചനകൾക്കനുസരിച്ച് വിശദീകരിക്കുക ? (കളിക്കാരുടെ എണ്ണം, കളിക്കുന്ന രീതി, വിജയം നിർണയിക്കുന്ന രീതി)